# പുതിയനിയമ
# പഠനസഹായി

**റ്റി. കെ. ഏബ്രഹാം**

**ഗ്രെയ്സ് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്**
**ന്യൂ ടെസ്റ്റമെന്റ് കമന്ററി**
പി.ബി. നമ്പർ 8, ഏറ്റുമാനൂർ- 686 631, കേരള, ഇന്ത്യ

# ആമുഖം

മനുഷ്യജീവിതത്തോടു ബന്ധമുള്ള അമൂല്യ ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തുന്ന ഗ്രന്ഥമാകുന്നു പുതിയനിയമം. യേശുക്രിസ്തുവിൽ അധിഷ്ഠിതമായ രക്ഷാമാർഗ്ഗം അതു വെളിപ്പെടുത്തുന്നു. ക്രിസ്തുമാർഗ്ഗം ഉപദേശിക്കുന്ന ആത്മീയവും സാന്മാർഗ്ഗികവും ധാർമ്മികവും ചരിത്രപരവുമായ സത്യങ്ങൾ ഗ്രഹിക്കുവാൻ പുതിയനിയമം പഠിക്കേണ്ടത് ഒഴിച്ചുകൂടാത്ത ആവശ്യം ആകുന്നു. മാറ്റങ്ങൾകൊണ്ടു നിറഞ്ഞ ലോകത്തിൽ പുതിയ നിയമ സത്യങ്ങൾ മാറാത്ത സത്യങ്ങളായി പ്രശോഭിക്കുന്നു. സത്യാന്വേഷികൾ ക്കുള്ള ഉത്തരം അതിൽ കണ്ടെത്താവുന്നതാണ്. സത്യത്തിനു സാക്ഷി നിൽ ക്കുവാൻ വന്ന ക്രിസ്തുവാണ് പുതിയനിയമത്തിലെ കേന്ദ്രവിഷയം. സത്യത്തിന്റെ പരിജ്ഞാനം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ ദിവ്യഗ്രന്ഥം പഠിക്കണം.

ജി.ബി.സി.സിയുടെ പ്രാഥമിക പാഠങ്ങൾ പഠിച്ചവരുടെ ഉപരി പഠനാർത്ഥം തയ്യാറാക്കിയിട്ടുള്ളതാണ് 'പുതിയനിയമ പഠനസഹായി' എന്ന കമന്ററി. അടിസ്ഥാന ഉപദേശസത്യങ്ങൾക്കും പ്രായോഗിക ജീവിത ഉപദേശങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു ഗ്രന്ഥമാകുന്നു ഇത്. ലളിതമായ ഭാഷയിൽ ഈ കമന്ററി എഴുതുവാൻ ആവോളം ശ്രദ്ധിച്ചിട്ടുണ്ട്. പുതുതായി രക്ഷിക്കപ്പെട്ട വിശ്വാസികളുടെ ആത്മീയ അഭിവൃദ്ധിയെ ലക്ഷ്യമാക്കിയാണ് ഇത് രചിച്ചിട്ടുള്ളത്. ഗ്രന്ഥരചനയ്ക്കു മലയാളഭാഷയിലും ഇംഗ്ലീഷിലുമുള്ള അനേകം വിലപ്പെട്ട ഗ്രന്ഥങ്ങൾ സഹായകരമായി തീർന്നിട്ടുണ്ട്. അനേക വർഷത്തെ വചനപഠനവും ഈ ഗ്രന്ഥം രചിക്കുവാൻ എനിക്കു പ്രേരണ നൽകി. ഈ ഗ്രന്ഥം വായനക്കാർക്ക് ആത്മീയ അഭിവൃദ്ധിക്കു കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. പാഠങ്ങൾ വായിക്കുന്നതിനു മുൻപ് ഓരോ അദ്ധ്യായവും വായിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ഈ ഗ്രന്ഥത്തിന്റെ പ്രൂഫു നോക്കി സഹായിച്ച സഹോദരൻ ജോൺസൺ കുളങ്ങരയോടും, ഇതിന്റെ അച്ചടി സംബന്ധമായ ഉത്തരവാദി ത്വങ്ങൾ വഹിച്ച എബനേസർ പ്രിന്റേഴ്സിനോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

അല്പമാം ഉപകരണംകൊണ്ടു മഹത്തായ വേലകൾ ചെയ്യുന്ന കർത്താവ് ഈ പഠനസഹായി മുഖാന്തരം അനേകർക്ക് മാർഗ്ഗദീപവും അനുഗ്രഹങ്ങളും പ്രദാനംചെയ്യട്ടെ എന്നുള്ള പ്രാർത്ഥനയോടെ ഈ ഗ്രന്ഥം കർത്തൃപാദത്തിൽ സമർപ്പിച്ചുകൊള്ളുന്നു.

ക്രിസ്തുവിൽ സഹോദരൻ,

**റ്റി. കെ. ഏബ്രഹാം**

# അവതാരിക

"ആരും ബൈബിൾ വായിക്കരുത്"- പ്രസിദ്ധനായൊരു ക്രൈസ്തവനേതാവിന്റെ വാക്കുകളാണ് ഇതെന്നറിയുമ്പോൾ നമ്മുടെ ഞെട്ടലിന് ആക്കം കൂടും. പക്ഷെ ബാക്കി കൂടെ കേൾക്കൂ - "ബൈബിൾ വായിച്ചു മാറ്റിവെക്കാനുള്ള ഗ്രന്ഥമല്ല പഠിച്ച് ഹൃദിസ്ഥമാക്കാനുള്ള ദൈവവചനമാണ്."

"ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക" എന്നു സുവിശേഷകനായ തിമൊഥെയൊസിനോട് പിതൃസ്ഥാനീയനായ പൗലൊസ് ഓർമ്മിപ്പിക്കുന്നു. ഈ വായന, പ്രബോധനത്തിനും ഉപദേശത്തിനും വേണ്ടിയുള്ളതാണ്. വെറുതെ ഒരു ദിനചര്യയായി വായിക്കുക എന്ന അർത്ഥത്തിലല്ല. വചനം നിരന്തരം വായിക്കുന്നവർക്കു മാത്രമേ അതിലെ ആത്മീയ സത്യങ്ങൾ വെളിപ്പെട്ടു കിട്ടുകയുള്ളൂ. അപ്പോൾ മാത്രമേ മറ്റുള്ളവരെ പ്രബോധിപ്പിക്കാനും ഉപദേശിക്കാനും കഴിയൂ.

"എസ്രാപുരോഹിതൻ പുരുഷന്മാരും സ്ത്രീകളും കേട്ടു ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരുമായ സഭയുടെ മുമ്പാകെ ന്യായപ്രമാണം കൊണ്ടുവന്നു. നീർവ്വാതി ലിനെതിരെയുള്ള വിശാല സ്ഥലത്തുവെച്ച് രാവിലെ തുടങ്ങി ഉച്ചവരെ പുരുഷന്മാരും സ്ത്രീകളും ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരും കേൾക്കെ ന്യായപ്രമാണപുസ്തകം വായിച്ചു. സർവ്വജനവും ശ്രദ്ധിച്ചു കേട്ടു... ജനം താന്താന്റെ നിലയിൽ തന്നെ നിന്നി രിക്കെ യേശുവ, ബാനി... എന്നിവരും ലേവ്യരും ജനത്തിന് ന്യായപ്രമാണത്തെ പൊരുൾ തിരിച്ചു കൊടുത്തു. ഇങ്ങനെ അവർ ദൈവത്തിന്റെ ന്യായപ്രമാണപുസ്തകം തെളിവായി വായിച്ചു കേൾപ്പിക്കുകയും വായിച്ചതു ഗ്രഹിപ്പാൻ തക്കവണ്ണം അർത്ഥം പറഞ്ഞുകൊടുക്കുകയും ചെയ്തു" (നെഹെ. 8:2, 3, 7, 8).

"ഒരുത്തൻ പൊരുൾ തിരിച്ചു തരാതിരുന്നാൽ എങ്ങനെ ഗ്രഹിക്കും?" എന്ന എത്യോപ്യ രാജ്ഞിയുടെ ഷണ്ഡന്റെ ചോദ്യം ഇവിടെ ചിന്തനീയമാണ്. പിസിദ്യാ ദേശത്തിലെ അന്ത്യൊക്ക്യയിൽ പള്ളിയിൽ വെച്ച് കർത്താവിന്റെ ക്രൂശുമരണത്തെ പരാമർശിച്ച് പ്രസംഗിക്കുന്ന പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ അന്നത്തെ യെഹൂദന്മാർക്കു പറ്റിയ പരാജയത്തിന്റെ കാരണം വ്യക്തമാണ്. "യെരൂശലേം നിവാസികളും അവരുടെ പ്രമാണികളും അവനെയോ ശബ്ബത്തുതോറും വായിച്ചു വരുന്ന പ്രവാചകന്മാരുടെ വചനങ്ങളെയോ തിരിച്ചറിയാതെ അവനെ ശിക്ഷയ്ക്കു വിധിച്ചു" (പ്രവൃ. 13:27).

ശബ്ബത്തിൽ നസറെത്തിലെ പള്ളിയിൽ ചെന്ന് യെശയ്യാ പ്രവാചകന്റെ പുസ്തക ത്തിലെ ഒരു ഭാഗം വായിച്ച കർത്താവ് ഇങ്ങനെ പൊരുൾ തിരിച്ചുകൊടുത്തു: "ഇന്ന് നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന് നിവൃത്തി വന്നിരി

ക്കുന്നു" (ലൂക്കൊ. 4:21). തുടർന്നുണ്ടായ സംഭവവികാസങ്ങൾ നമുക്ക് അറിവുള്ളതാണല്ലോ.

വചനം ലിഖിതരൂപത്തിൽ ലഭ്യമായ കാലം മുതലേ തന്നെ അത് വായിച്ചു കേൾപ്പിക്കുകയും പൊരുൾ തിരിച്ചു കൊടുക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. അതു ശരിയായി പഠിച്ചു മനസ്സിലാക്കാത്തതിനാൽ ഉണ്ടായ തിക്താനുഭവങ്ങളെ കുറിച്ചും നാം വായിച്ചു. ഫലകരമായ ക്രിസ്തീയ ജീവിതത്തിനും ദൈവസാമീപ്യം അനുഭവിച്ചറിയുന്നതിനും വചനപഠനം അത്യന്താപേക്ഷിതമാണ്.

സമയം വിലപ്പെട്ടതാണ്. ഇന്നത്തേതിൽനിന്ന് അല്പം നാളത്തേക്ക് മാറ്റിവെക്കാനോ നാളത്തേതിൽനിന്ന് അഡ്വാൻസായി ഇന്നേക്ക് അല്പം എടുക്കാനോ, വായ്പ വാങ്ങാനോ വായ്പ കൊടുക്കാനോ കഴിയാത്ത അമൂല്യ സ്വത്താണ് സമയം. കാളവണ്ടിക്കു പകരം കാറും പ്ലെയിനും, അരകല്ലിന്റെ സ്ഥാനത്ത് ഗ്രൈന്ററും മിക്സിയും, അലക്കുകല്ലിനോട് മല്ലടിച്ചവർക്ക് വാഷിങ് മെഷിനും, അഞ്ചലോട്ടക്കാരന്റെ ഡ്യൂട്ടി ഈമെയിലും ഇന്റർനെറ്റും മൊബൈലും ഏറ്റെടുത്തിട്ടും പക്ഷെ മനുഷ്യന് ഒന്നിനും സമയമില്ല. തിരക്കോട് തിരക്കാണവന്. വീണുകിട്ടുന്ന ഇടവേളകൾ വേണ്ടവിധം പ്രയോജനപ്പെടുത്താനും സാധിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ ആണ് ബ്ര. റ്റി. കെ. ഏബ്രഹാമിന്റെ 'പുതിയനിയമ പഠനസഹായി' എന്ന ഗ്രന്ഥം വിലപ്പെട്ടതായി തീരുന്നത്. ബൈബിൾ സ്കൂളിലോ സെമിനാരിയിലോ പോയി പഠിക്കാൻ കഴിയാത്തവർക്ക് ബൈബിളിനെപ്പറ്റി ഒരു സാമാന്യജ്ഞാനം ആർജ്ജിക്കുവാൻ ഈ പുസ്തകം സഹായകമായിരിക്കും. ബൈബിൾ കയ്യിലെടുത്താൽ ഉറക്കം വരുന്നത് വായിക്കുന്നത് മനസ്സിലാവുന്നില്ല എന്നതിന്റെ സൂചന കൂടിയാണ്. ഒരു പുസ്തകം മനസ്സിലാക്കി വായിക്കുമ്പോൾ മനസ്സുണർന്നിരിക്കും.

പുതിയനിയമം - 27 പുസ്തകങ്ങളും - വളരെ ലളിതമായി പൊരുൾ തിരിച്ചു തരികയാണ് ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നത്. ഓരോ പുസ്തകത്തിനും മുഖവുര, ചരിത്രപശ്ചാത്തലം, ലക്ഷ്യം, വിഷയവിഭജനം ഇവ കൊടുത്തിരിക്കുന്നു. നാലോ അഞ്ചോ വാക്കുകളിലൊതുങ്ങുന്ന വാചകങ്ങൾ, ലളിതമായ ഭാഷ, ഏതു സാധാരണക്കാരനും പരാശ്രയമില്ലാതെ വായിച്ചു മനസ്സിലാക്കാവുന്ന അവതരണശൈലി. അദ്ധ്യായങ്ങൾ, സംഭവങ്ങൾ, വിഷയങ്ങൾ, വ്യക്തികൾ എന്നിങ്ങനെ തരംതിരിച്ചുള്ള പഠനരീതി നവാഗതർക്കു മാത്രമല്ല സഭാശുശ്രൂഷകന്മാർക്കും പ്രയോജനപ്പെടും.

പ്രവചനവിഷയവീക്ഷണങ്ങളിൽ വ്യക്തിപരമായി ചില വിയോജിപ്പുകൾ ഉണ്ടെങ്കിലും തന്റെ ദീർഘവർഷങ്ങളിലെ കഠിനാദ്ധ്വാനവും പ്രാർത്ഥനയും ഏറെക്കുറെ ഫലവത്തായിട്ടുണ്ട്. കുമ്പനാട് ബൈബിൾ സ്കൂളിന്റെ പ്രാരംഭകാല പ്രവർത്തകരിൽ മുൻനിരക്കാരൻ, സുവിശേഷകൻ, വേദാദ്ധ്യാപകൻ, ഗ്രന്ഥരചയിതാവ്, പരിഭാഷകൻ എന്നീ നിലകളിൽ കഴിഞ്ഞ തലമുറയിൽ പ്രശസ്തനായിരുന്ന ബ്ര. റ്റി. എ. കുര്യന്റെ മകനായ റ്റി. കെ. ഏബ്രഹാം ഭക്തിമാർഗ്ഗത്തിൽ പിതാവിന്റെ പാത തന്നെ പിന്തുടരാനാണാഗ്രഹിക്കുന്നത്. ബൈബിൾ സ്കൂൾ അദ്ധ്യാപകൻ എന്ന നിലയിൽ ബ്ര. റ്റി. കെ. യുടെ ശിഷ്യനായിരിക്കാനും എനിക്കവസരം കൈവന്നിട്ടുണ്ട്. കേരളത്തിൽ അറിയപ്പെടുന്ന പല ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകളുടെയും ടെക്സ്റ്റ് ബുക്കുകൾ ഇദ്ദേഹത്തിന്റെ രചനകളാണ്. ഈ കോഴ്സുകളിലൂടെ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചവരും നിരവധിയാണ്.

അതിനാൽ ഈ 'പുതിയനിയമ പഠനസഹായി'യും അനേകർക്ക് ആത്മികാഭിവൃദ്ധിക്കും അനുഗ്രഹങ്ങൾക്കും വഴിയൊരുക്കും എന്ന ദൃഢവിശ്വാസത്തോടെ, ഇനിയും ഇത്തരം രചനകൾ തന്റെ തൂലികത്തുമ്പിൽനിന്നുരുത്തിരിയട്ടെയെന്ന പ്രാർത്ഥനയോടെ ഈ കൃതി സജ്ജനസമക്ഷം സസന്തോഷം അവതരിപ്പിക്കുന്നു.

അങ്കമാലി
24-10-06

**ജോൺസൺ കുളങ്ങര** (Evng.)

# മുഖവുര

ബൈബിൾ ദൈവവചനമാകുന്നു. ദിവ്യസത്യങ്ങളുടെ സമാഹാരമാണിത്. അതു വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ആത്മസന്തോഷവും സമാധാനവും പ്രത്യാശയും ഉള്ളവർ ആകും. ദൈവം ആരാണെന്നും മനുഷ്യനും ദൈവവുമായി എങ്ങനെ ബന്ധപ്പെടാമെന്നും ബൈ ബിൾ വ്യക്തമാക്കുന്നു. അതിലെ കേന്ദ്രബിന്ദു ക്രിസ്തുവാണ്. മാറ്റങ്ങൾ കൊണ്ടു നിറഞ്ഞ ലോകത്തിൽ മാറാത്ത സത്യമായി ബൈബിൾ ഇരിക്കുന്നു. ഈ ദിവ്യഗ്രന്ഥത്തിൽ ദൈവത്തിന്റെ മനസ്സ്, മനുഷ്യസ്ഥിതി, രക്ഷയ്ക്കുള്ള മാർഗ്ഗം, പാപിയുടെ നാശം, വിശ്വാസികളുടെ സൗഭാഗ്യം എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിലെ ഉപദേശങ്ങൾ വിശുദ്ധമാണ്, പ്രമാണങ്ങൾ ലളിതമാണ്, ചരിത്രം സത്യമാണ്. ബൈബിൾ ഒരു ദിവ്യലൈബ്രറി ആകുന്നു. ഇതിൽ 66 പുസ്തകങ്ങളുണ്ട്. പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ 39 പുസ്തകങ്ങളും പുതിയനിയമത്തിൽ 27 പുസ്തകങ്ങളും അടങ്ങിയിരിക്കുന്നു. നാല്പതോളം എഴുത്തുകാർ 1600 വർഷങ്ങൾകൊണ്ട് രചിച്ചിട്ടുള്ളതാണ് ബൈബിൾ. അതിലെ ആലോചനകൾ മനുഷ്യന്റെ ബുദ്ധിമൂശയിൽ രൂപംകൊണ്ടതല്ല. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് രചിച്ചിട്ടുള്ള തത്രെ. ആത്മരക്ഷയ്ക്കും വിശുദ്ധജീവിതത്തിനും ശക്തി നൽകുന്ന ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ ആകുന്നു.

### പഴയ നിയമം

ക്രിസ്തുവിനുമുമ്പുള്ള ഏകദേശം നാലായിരം വർഷങ്ങളിലെ മാനവചരിത്രമാണ് 39 പുസ്തകങ്ങൾ അടങ്ങിയ പഴയനിയമം. ദൈവം സകലവും സൃഷ്ടിച്ചു എന്ന സത്യം ബൈബിൾ വെളിപ്പെടുത്തുന്നു. ഈ ഭൂമിയിൽ

ജാതികൾ, വംശങ്ങൾ, രാജ്യങ്ങൾ, സംസ്കാരങ്ങൾ, പരിഷ്കാരങ്ങൾ എന്നിവയെല്ലാം എങ്ങനെയുണ്ടായി എന്ന് പഴയനിയമത്തിൽ കാണാം. മനുഷ്യനോട് എങ്ങനെ ദൈവം ബന്ധപ്പെടാൻ ആഗ്രഹിക്കുന്നു എന്നറിയുവാൻ ബൈബിൾ പഠിക്കണം. ദൈവത്തിന്റെ കല്പനകൾ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം അവന്റെ സ്വഭാവം മനുഷ്യനു വരച്ചുകാണിക്കുന്നു. ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്ത വ്യക്തികൾക്കും രാജ്യങ്ങൾ ക്കും ഉണ്ടായ അനുഗ്രഹങ്ങൾ ബൈബിളിൽ കാണാം. അതുപോലെ തന്നെ അവനെ നിരാകരിച്ചവർക്ക് ഉണ്ടായ ന്യായവിധിയും ബൈബിൾ വെളിപ്പെടു ത്തുന്നു. പഴയനിയമത്തെ, ന്യായപ്രമാണം, പ്രവാചകപുസ്തകങ്ങൾ, സങ്കീർ ത്തനങ്ങൾ എന്നിങ്ങനെയാണ് ക്രിസ്തു വിഭജിച്ചിട്ടുള്ളത് (ലൂക്കൊ. 24:44). നമ്മുടെ പഠനത്തിനു സഹായകരമായി ബൈബിളിനെ എട്ടായി വിഭജിക്കാം.

### 1. ന്യായപ്രമാണ പുസ്തകങ്ങൾ

ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള അഞ്ചു പുസ്തകങ്ങൾ; പഞ്ചഗ്രന്ഥങ്ങൾ എന്ന് ഇവ അറിയപ്പെടുന്നു. മോശെയാണ് ഗ്രന്ഥകാരൻ. ഉല്പത്തി സകലത്തിന്റെയും ആരംഭം വിവരിക്കുന്നു. യെഹൂദാജാതിയുടെ ആരംഭം നാം ഉല്പത്തിയിൽ കാണുന്നുണ്ട്. അവർ ഈജിപ്റ്റിൽ അടിമകളായി കഴിയേണ്ടിവന്നു. ദൈവം അവരെ അടിമത്തത്തിൽനിന്നും വിടുവിക്കുന്ന ചരിത്രമത്രെ പുറപ്പാടുപുസ്തകം. അവർ ദൈവത്തെ ആരാധിക്കുവാനും സേവിക്കുവാനും ആവശ്യമായ കല്പനകൾ ലേവ്യാപുസ്തകം നൽകുന്നു. സംഖ്യാപുസ്തകം യിസ്രായേലിന്റെ മരുപ്രയാണ ചരിത്രമാണ്. ആവർത്തനപുസ്തകത്തിൽ മോശെയുടെ അന്ത്യവാക്കുകൾ കാണാം. ദൈവം യിസ്രായേലിനെ വിടുവിക്കുകയും പരിപാലിക്കുകയും ചെയ്ത വിധങ്ങൾ വിവരിച്ചശേഷം അവരെ പുനഃപ്രതിഷ്ഠയ്ക്ക് ആഹ്വാനം ചെയ്യുന്നു.

### 2. ചരിത്ര പുസ്തകങ്ങൾ

യോശുവ മുതൽ എസ്ഥേർ വരെയുള്ള പുസ്തകങ്ങൾ യിസ്രായേൽ കനാൻദേശം കൈവശപ്പെടുത്തുന്നതും തുടർന്ന് ന്യായാധിപന്മാരും രാജാക്കന്മാരും അവരെ ഭരിക്കുന്നതുമായ ചരിത്രവിവരണം ആകുന്നു. അവർ ദൈവകല്പനകൾ അനുസരിക്കാഞ്ഞതിനാൽ പ്രവാസത്തിലേക്ക് പോകേണ്ടിവന്നു. അനുതപിച്ച് ദൈവത്തിങ്കലേക്ക് ജനം മടങ്ങിവരികയും എസ്രാ, നെഹെമ്യാവ് എന്നിവരുടെ നേതൃത്വത്തിൽ കനാൻദേശത്തേക്ക് മടങ്ങിവരികയും ചെയ്തു.

### 3. കാവ്യ പുസ്തകങ്ങൾ

ഇയ്യോബ് മുതൽ ഉത്തമഗീതം വരെയുള്ള അഞ്ചു പുസ്തകങ്ങൾ കവിതകളാണ്. സങ്കീർത്തനങ്ങളിൽ പകുതിയോളം ദാവീദ് രചിച്ചതാണ്. കഷ്ടതകളിൽ സഹിഷ്ണുത ഉള്ളവരാകണം എന്ന പാഠം ഇയ്യോബിൽ കാണാം. സങ്കീർത്തനങ്ങൾ യിസ്രായേലിന്റെ സ്തുതിഗീതങ്ങളാണ്. ഉത്തമ ഗീതത്തിൽ നിഷ്കളങ്കസ്നേഹത്തിന്റെ ചിത്രം കാണാം. സദൃശവാക്യങ്ങളും സഭാപ്രസംഗിയും വിജ്ഞാനഗ്രന്ഥങ്ങൾ ആകുന്നു. ഉത്തമഗീതം, സദൃശവാക്യങ്ങൾ, സഭാപ്രസംഗി എന്നിവ ശലോമോൻ രചിച്ചുവെന്ന് കരുതപ്പെടുന്നു.

### 4. പ്രവചന പുസ്തകങ്ങൾ

യെശയ്യാവ് മുതൽ മലാഖി വരെയുള്ള പുസ്തകങ്ങളാണ് അവ. അവയെ വലിയ പ്രവാചകന്മാർ, ചെറിയ പ്രവാചകന്മാർ എന്നിങ്ങനെ രണ്ടായി വിഭജിക്കാം. ഇവ പ്രവാചകന്മാരുടെ വലിപ്പച്ചെറുപ്പത്തെയല്ല കാണിക്കുന്നത്. പ്രത്യുത അവർ എഴുതിയ പുസ്തകങ്ങളുടെ വലിപ്പച്ചെറുപ്പത്തെ കുറിക്കുന്നു. ചെറിയ പ്രവാചകരുടെ പുസ്തകങ്ങൾ ഹോശേയ മുതൽ മലാഖി വരെയാണ്. ദൈവം പ്രവാചകരിലൂടെയാണ് അരുളിച്ചെയ്തിരുന്നത്. ആ ആലോചനകൾ ഇക്കാലത്തും പ്രസക്തമാണ്. “മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ട്, നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന് തന്നെ എഴുതിയിരിക്കുന്നു” (റോമർ 15:4).

### 5. സുവിശേഷങ്ങൾ

മത്തായി മുതൽ യോഹന്നാൻ വരെയുള്ള നാലു പുസ്തകങ്ങൾ ആണിവ. ക്രിസ്തുവിന്റെ ജീവചരിത്രം സംക്ഷിപ്തമായി സുവിശേഷങ്ങളിൽ കാണാം. ക്രിസ്തുവിന്റെ ജനനം, ജീവിതം, പരസ്യശുശ്രൂഷ, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നീ വസ്തുതകൾ സുവിശേഷങ്ങളിൽ കാണാം.

### 6. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ

ഇത് ആദിമസഭയുടെ ചരിത്രമാകുന്നു. ക്രിസ്തുവിന്റെ ജീവിതത്തെയും സഭയുടെ വളർച്ചയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി ഈ പുസ്തകമിരിക്കുന്നു. ലേഖനങ്ങൾ മനസ്സിലാക്കുവാൻ ഈ പുസ്തകപഠനം ഒഴിച്ചുകൂടാത്തതാണ്. പെന്തക്കൊസ്തിൽ സഭ ആരംഭിച്ച് റോമിൽ പൗലൊസ് തടവുകാരനാകുന്നതുവരെയുള്ള ചരിത്രമാണ് അപ്പൊസ്തല പ്രവൃത്തികൾ.

### 7. ലേഖനങ്ങൾ

റോമർ മുതൽ യൂദാ വരെയുള്ള 21 പുസ്തകങ്ങളാണിവ. ഉപദേശഗ്രന്ഥങ്ങൾ എന്നും ഇവ അറിയപ്പെടുന്നു.

ലേഖനങ്ങൾ ക്രിസ്തീയ ജീവിത ത്തിന് ആവശ്യമായ ഉപദേശങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും നൽകുന്നു. പതിമൂന്നോളം ലേഖനങ്ങൾ പൗലൊസിന്റേതാണ്.

## 8. വെളിപ്പാട് പുസ്തകം

പുതിയനിയമത്തിലെ പ്രവചനപുസ്തകം ആകുന്നു ഇത്. ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി ഇവിടെ കാണാം. വിശ്വാസികൾക്ക് മുന്നറിയിപ്പും പ്രത്യാശയും നൽകുന്ന ഗ്രന്ഥമാണിത്. ദൈവത്തിന്റെ സർവ്വാധികാരം, ക്രിസ്തുവിന്റെ തിരിച്ചുവരവ്, ലോകത്തിനുണ്ടാകുവാൻ പോകുന്ന ന്യായവിധി, ദൈവജനം വിശ്വസ്തരാകുവാനുള്ള ആഹ്വാനം, അവരുടെ ഭാഗ്യകരമായ പ്രത്യാശ എന്നീ വിഷയങ്ങൾ വെളിപ്പാടുപുസ്തകത്തിൽ കാണാം.

## ബൈബിളിലെ കേന്ദ്രവിഷയം

ബൈബിളിലെ കേന്ദ്രബിന്ദു ക്രിസ്തുവാകുന്നു. പഴയനിയമം വരുവാനുള്ള നന്മകളുടെ നിഴൽ മാത്രമാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ പഴയനിയമത്തിൽ കാണാം. ക്രിസ്തുവിന്റെ പ്രതിരൂപങ്ങൾ പഴയനിയമത്തിൽ ധാരാളമായിട്ടുണ്ട്. ക്രിസ്തു ഈ സത്യം യെഹൂദമതഭക്തന്മാരോടു പ്രസ്താവിച്ചതായി കാണാം. "നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവനുണ്ട് എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു" (യോഹ. 5:39). അതുപോലെ തന്നെ ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ അരുമശിഷ്യന്മാരോട് അരുളിച്ചെയ്തതും ശ്രദ്ധേയമത്രെ: "മോശെ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു" (ലൂക്കൊ. 24:27,44).

## ക്രിസ്തു ബൈബിളിലെ പുസ്തകങ്ങളിൽ

1. ഉല്പത്തിയിൽ അവൻ സ്ത്രീയുടെ സന്തതിയാണ് (3:15).
2. പുറപ്പാടിൽ അവൻ പെസഹ കുഞ്ഞാടാണ് (12:1-14).
3. ലേവ്യാപുസ്തകത്തിൽ അവൻ പ്രായശ്ചിത്തയാഗമാണ് (17:11).
4. സംഖ്യാപുസ്തകത്തിൽ അവൻ താമ്രസർപ്പമാണ് (21:8,9).
5. ആവർത്തനപുസ്തകത്തിൽ അവൻ വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകനാണ് (18:15).
6. യോശുവയിൽ അവൻ യഹോവയുടെ സൈന്യത്തലവനാകുന്നു (5:13-15).
7. ന്യായാധിപന്മാരിൽ അവൻ നമ്മുടെ രക്ഷകൻ.
8. രൂത്തിൽ അവൻ വീണ്ടെടുപ്പുകാരൻ.
9. 1, 2 ശമൂവേൽ, 1, 2 രാജാക്കന്മാർ, 1, 2 ദിനവൃത്താന്തങ്ങളിൽ അവൻ വാഗ്ദത്തരാജാവാണ്.
10. എസ്രാ, നെഹെമ്യാവിൽ അവൻ നമ്മുടെ ഉദ്ധാരകൻ.
11. എസ്ഥേറിൽ അവൻ നമ്മുടെ വക്കീൽ അഥവാ വാദിക്കുന്ന കാര്യസ്ഥൻ ആകുന്നു.
12. ഇയ്യോബിൽ അവൻ വീണ്ടെടുപ്പുകാരനാണ് (19:25).
13. സങ്കീർത്തനങ്ങളിൽ അവൻ നമുക്ക് സകലത്തിനും സകലവും ആകുന്നു.
14. സദൃശവാക്യങ്ങളിൽ അവൻ നമുക്ക് മാതൃകാപുരുഷനാണ്.
15. സഭാപ്രസംഗിയിൽ അവൻ നമ്മുടെ ലക്ഷ്യമാണ്.
16. ഉത്തമഗീതത്തിൽ അവൻ നമ്മുടെ പ്രിയനാണ്.
17. പ്രവചനങ്ങളിൽ (യെശയ്യാവ് - മലാഖി) അവൻ വരുവാനുള്ള സമാധാന പ്രഭു ആകുന്നു.
18. മത്തായിയുടെ സുവിശേഷത്തിൽ അവൻ രാജാവാണ്.
19. മർക്കൊസിൽ അവൻ ഉത്തമദാസനാണ്.
20. ലൂക്കൊസിൽ അവൻ മനുഷ്യപുത്രനാണ്.
21. യോഹന്നാനിൽ അവൻ ദൈവപുത്രനാണ്.
22. അപ്പൊസ്തലപ്രവൃത്തിയിൽ അവൻ പുനരുത്ഥാനം ചെയ്തവനും സഭയെ പണിയുന്നവനുമാകുന്നു.
23. ലേഖനങ്ങളിൽ അവൻ വിശ്വാസികളിൽ വസിക്കുന്നവനാണ്.
24. വെളിപ്പാടിൽ അവൻ വീണ്ടും വരുന്ന രാജാവാകുന്നു.

ബൈബിളിൽ ആദിയോടന്തം ക്രിസ്തുവിനെ വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിനെ ദൈവപുത്രനായി അംഗീകരിക്കുവാനായിട്ടത്രെ അവനെ നമുക്ക് വെളിപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ വ്യക്തിപരമായ ജീവിതം ക്രിസ്തുവിനു സമർപ്പിക്കപ്പെട്ടതായിരിക്കണം. അവനെക്കുറിച്ചുള്ള അറിവു മാത്രം നമ്മെ രക്ഷിക്കുകയില്ല. യേശുക്രിസ്തുവിനെ വിശ്വാസത്താൽ സ്വന്തരക്ഷിതാവായി സ്വീകരിക്കുമ്പോൾ നാം ദൈവമക്കൾ ആകുന്നു. ക്രിസ്തു വിനെ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം നമ്മുടെ പ്രമോദമായിത്തീരണം. അതിലെ ആലോചനകൾ നമുക്ക് ബുദ്ധി ഉപദേശം നൽകുന്നതാണ്. അതു വായിച്ചു ധ്യാനിക്കുന്നവർക്ക് ആത്മസമാധാനവും സന്തോഷവും പ്രത്യാ ശയും ഉള്ളവർ ആകുവാൻ കഴിയും. അതിനു സർവ്വേശ്വരൻ നമ്മെ സഹായിക്കട്ടെ.

## പുതിയ നിയമം

ബൈബിൾ ദൈവിക വെളിപ്പാടാകുന്നു. മനുഷ്യവർഗ്ഗത്തിനുവേണ്ടി ദൈവം യേശുക്രിസ്തുവിൽ ഒരുക്കിയിട്ടുള്ള രക്ഷയാണ് അതിലെ വിഷയം. ബൈബിളിനെ പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ ന്യായപ്രമാണമാണ് മുഖ്യവിഷയം. പുതിയനിയമം, പ്രവചനപുരുഷനായ ക്രിസ്തുവിനെ ചരിത്രപുരുഷനായി വെളിപ്പെടുത്തുന്നു. പഴയനിയമത്തിൽ ആരംഭിച്ച ദൈവിക വെളിപ്പാടുകൾ പുതിയനിയമത്തിൽ അവസാനിക്കുന്നു.

## സുവിശേഷങ്ങൾ

പുതിയനിയമത്തിൽ നാലു സുവിശേഷങ്ങൾ കാണാം. ക്രിസ്തുവിന്റെ ആളത്വത്തിൽ അന്തർലീനമായിരിക്കുന്ന ദിവ്യരഹസ്യങ്ങളും ഉപദേശങ്ങളും അത്ഭുതപ്രവൃത്തികളും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്നേഹവാനായ ദൈവം പാപിയായ മനുഷ്യനുവേണ്ടി യേശുക്രിസ്തുവിൽ കൂടി ഒരുക്കിയിട്ടുള്ള രക്ഷയുടെ സന്തോഷവാർത്തയാകുന്നു സുവിശേഷങ്ങൾ. സകല മനുഷ്യരുടെയും ജീവിതലക്ഷ്യം നിർണ്ണയിക്കപ്പെടുന്നത് സുവിശേഷത്തോടുള്ള അവരുടെ വ്യക്തിപരമായ ബന്ധമാകുന്നു (യോഹ. 3:36). ക്രിസ്തു പാപികളുടെ ഏകരക്ഷകനാണ് (പ്രവൃ. 4:12; 1 തിമൊ. 2:5,6). യേശു എന്ന പേരിന്റെ അർത്ഥം രക്ഷകൻ എന്നാണ് (മത്താ. 1:21). സുവിശേഷങ്ങളിൽ 89 അദ്ധ്യായങ്ങൾ ഉണ്ട്. അതിൽ ക്രിസ്തുവിന്റെ 30 വയസ്സുവരെയുള്ള ചരിത്രം വിവരിക്കുവാൻ നാലോളം അദ്ധ്യായങ്ങൾ മാത്രമേയെടുത്തിട്ടുള്ളൂ. എന്നാൽ ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങൾ വിശദമാക്കുവാൻ പതിനേഴോളം അദ്ധ്യായങ്ങൾ എടുത്തിരിക്കുന്നു. ശേഷം അദ്ധ്യായങ്ങളിൽ ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയോടു ബന്ധപ്പെട്ട ചരിത്രം കാണാവുന്നതാണ്.

## ക്രിസ്തുവിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ

ക്രിസ്തുവിനെ ഒരു മതസ്ഥാപകനും പ്രവാചകനും ഗുരുവും നല്ല മനുഷ്യനുമായി അംഗീകരിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ ബൈബിൾ ക്രിസ്തുവിനു നൽകുന്ന മുഖ്യസ്ഥാനം അവൻ ദൈവപുത്രനാകുന്നു എന്നതത്രെ (യോഹ. 20:31). ക്രിസ്തുവിനെ ദൈവപുത്രനായ രക്ഷിതാവായി സ്വീകരിക്കുന്നവർക്കു മാത്രമേ രക്ഷിക്കപ്പെടുവാൻ കഴിയുകയുള്ളൂ (യോഹ. 1:12,13). അവന്റെ ജീവിതം നമ്മുടെ മാതൃക ആയിരിക്കണം. അപ്പോൾ നമുക്ക് ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തുന്ന അവന്റെ ശിഷ്യന്മാർ ആകുവാൻ കഴിയും (1 പത്രൊ. 2:21). ക്രിസ്തുവിന്റെ മരണപുനരുത്ഥാനവും ജീവിതവും തുല്യപ്രാധാന്യമുള്ള വിഷയങ്ങളാകുന്നു. അവന്റെ ആളത്വമാഹാത്മ്യമാകുന്നു അവന്റെ മരണപുനരുത്ഥാനത്തിന്റെ നിസ്തുല്യ മഹിമ വ്യക്തമാക്കുന്നത്.

പുതിയനിയമത്തിലെ ആദ്യത്തെ മൂന്നു സുവിശേഷങ്ങളെ സമവീക്ഷണ സുവിശേഷങ്ങൾ എന്നു വിളിക്കുന്നു. ക്രിസ്തുവിന്റെ ജീവചരിത്ര ത്തിന്റെ സംക്ഷിപ്ത വിവരണം ആണ് അതിലുള്ളത്. യോഹന്നാന്റെ സുവി ശേഷം ക്രിസ്തുവിന്റെ ആളത്വമാഹാത്മ്യം വ്യക്തമാക്കുന്നു. ക്രിസ്തു ചെയ്ത അത്ഭുതപ്രവൃത്തികൾ വ്യക്തമാക്കിക്കൊണ്ട് അവൻ ദൈവപുത്രൻ ആണെന്ന് തെളിയിക്കുന്ന സുവിശേഷമാണിത്.

*********

# അപ്പൊസ്തലനായ പൗലൊസ് തീത്തൊസിന് എഴുതിയ ലേഖനം

## മുഖവുര

ഇത് ഒരു ഇടയലേഖനമാണ്. ക്രേത്തയിലെ സഭയുടെ ചുമതലകൾക്കു തീത്തൊസ് നിയമിക്കപ്പെട്ടിരുന്നു. സഭാമൂപ്പന്മാരുടെ യോഗ്യതകൾ, അവരെ അംഗീകരിക്കേണ്ട വിധം, ദുരുപദേഷ്ടാക്കന്മാരെ നേരിടേണ്ടത് എങ്ങനെ, വിശ്വാസികൾ ഉപദേശത്തിനു നൽകേണ്ട പ്രാധാന്യം, സൽപ്രവൃത്തികളിൽ ശുഷ്ക്കാന്തിയുള്ളവരാകണം എന്നീ വിഷയങ്ങളിൽ പൗലൊസു തീത്തൊസിനു നൽകുന്ന നിർദ്ദേശങ്ങളാണ് ഈ ലേഖനത്തിലുള്ളത്.

തീത്തൊസു പൗലൊസിന്റെ വിശ്വസ്തനായ സഹപ്രവർത്തകനായിരുന്നു. യവനപശ്ചാത്തലത്തിൽനിന്നും രക്ഷിക്കപ്പെട്ടവനായിരുന്നു അവൻ. പൗലൊസിന് അവൻ വിശ്വാസത്തിൽ നിജപുത്രൻ ആയിരുന്നു. അതുകൊണ്ടു പൗലൊസിന്റെ പ്രവർത്തനഫലമായി തീത്തൊസു രക്ഷിക്കപ്പെട്ടു എന്നു കരുതാം. തന്റെ മൂന്നാമത്തെ മിഷ്യനറിയാത്രയിൽ പൗലൊസിനോടൊപ്പം തീത്തൊസും ഉണ്ടായിരുന്നു. അപ്പൊസ്തലൻ തീത്തൊസിനെ സഭയിൽ പ്രശ്നങ്ങൾ പരിഹരിക്കുവാനും കാര്യങ്ങൾ ക്രമമായി ചെയ്യേണ്ടതിനും കൊരിന്ത്, ക്രേത്ത എന്നീ സ്ഥലങ്ങളിൽ നിയോഗിച്ചിരുന്നു. അവൻ വിശ്വ സ്തനും പ്രാപ്തനുമായ ദൈവഭൃത്യനായിരുന്നു. സിറിയയിലെ അന്ത്യോക്യയിൽ നിന്നും വന്ന ശിഷ്യനായിരുന്നു താൻ എന്നു കരുതുന്നു.

ക്രേത്ത ഒരു മെഡിറ്ററേനിയൻ ദ്വീപായിരുന്നു. ധാർമ്മികമായി ഈ ദ്വീപ് അധഃപതിച്ചിരുന്നു. പെന്തക്കൊസ്തു ദിവസത്തിൽ പത്രൊസിന്റെ പ്രസംഗം കേട്ടവരിൽ ക്രേത്തരും ഉൾപ്പെടുന്നു (പ്രവൃ. 2:11). അവരിൽ ചിലർ ക്രിസ്തുവിശ്വാസികളായി സ്വദേശത്തു മടങ്ങിപ്പോകയും സുവിശേഷം അറിയിക്കയും ചെയ്തതിന്റെ ഫലമായി അവിടെ സഭ ഉണ്ടായി എന്നു കരുതാം. എന്നാൽ സഭ ശൈശവാവസ്ഥയിൽ കഴിഞ്ഞിരുന്നു. ദുരുപദേഷ്ടാക്കന്മാരാൽ വശീകരിക്കപ്പെട്ടിരുന്നു. സഭാജീവിതത്തിലെ പെരുമാറ്റച്ചട്ടങ്ങളെക്കുറിച്ചും സഭാഭരണത്തെക്കുറിച്ചും അവർ പരിജ്ഞാനമുള്ളവരായിരുന്നില്ല. അതുകൊണ്ടു പൗലൊസ് തീത്തൊസിനെ സഭയിൽ കാര്യങ്ങൾ ക്രമമായി നടക്കുവാൻ അവരെ ഉപദേശിക്കേണ്ടതിനു നിയോഗിച്ചു. മൂപ്പന്മാരെ ആക്കിവെക്കുക, ദുരുപദേഷ്ടാക്കന്മാരെ സത്യവചനംകൊണ്ടു നേരിട്ടു മിണ്ടാതാക്കുക തുട ങ്ങിയ ശുശ്രൂഷകൾ ചെയ്യുവാൻ താൻ ഉത്തരവാദിത്വമുള്ളവനായിരുന്നു. എ.ഡി. 64–ൽ ഈ ലേഖനം മാസിഡോണിയയിൽനിന്നും പൗലൊസ് എഴുതി എന്നു കരുതുന്നു.

## ലേഖന വിഭജനം

അദ്ധ്യായം 1 – സഭയിലെ കാര്യങ്ങൾ ക്രമപ്പെടുത്തുക
അദ്ധ്യായം 2 – സഭയ്ക്കുള്ളിലെ പെരുമാറ്റച്ചട്ടം
അദ്ധ്യായം 3 – സഭയ്ക്കു പുറത്തുള്ള പെരുമാറ്റച്ചട്ടം

### അദ്ധ്യായം 1

## വന്ദനം (1:1–4)

തീത്തൊസിനു പിതാവായ ദൈവത്തിങ്കൽനിന്നും രക്ഷിതാവായ ക്രിസ്തുയേശുവിങ്കൽനിന്നും കൃപയും സമാധാനവും ആശംസിച്ചുകൊണ്ടാണ് പൗലൊസു ലേഖനം ആരംഭിക്കുന്നത്. ഒരു ദൈവദാസനു ക്രിസ്തുവിൽ കൂടി ലഭിക്കുന്ന അനർഹമായ ക്ഷമയേയും സേവനത്തിനുള്ള കഴിവിനേയും കൃപ കാണിക്കുന്നു. അവനു ദൈവം നൽകുന്ന കൃപ സമാധാനമുള്ള ആത്മീയ അനുഭവങ്ങളിലേക്കു നയിക്കും. ലേഖന മുഖവുരയിൽ ദൈവവചനത്തിന്റെയും ഭക്തിയുടെയും നിത്യജീവന്റെയും പൊതുവിലുള്ള വിശ്വാസത്തിന്റെയും ക്രിസ്തുവിലുള്ള പ്രത്യാശയുടെയും പ്രാധാന്യം ചൂണ്ടിക്കാണിക്കുന്നു. ക്രേത്താസഭയിൽ വരുത്തേണ്ടിയിരുന്ന ഉപദേശപരവും സഭാപരവുമായ കാര്യങ്ങൾ ക്രമപ്പെടുത്തുവാൻ ദൈവവചനത്തിനുള്ള പങ്ക് ഇവിടെ വ്യക്തമാക്കുന്നു.

പൗലൊസു ക്രിസ്തുവിന്റെ ദാസനും അപ്പൊസ്തലനുമാകുന്നു. അതു തന്റെ താഴ്മയെയും അധികാരത്തെയും കാണിക്കുന്നു. അവൻ ദൈവവചനം ഭരമേല്പിക്കപ്പെട്ടവനും അതു പ്രസംഗിക്കുവാൻ അയക്കപ്പെട്ടവനുമാണ് (പ്രവൃ. 9:15). ഈ വചനം സകല കാലത്തിനും മുൻപേ വാഗ്ദത്തം ചെയ്യപ്പെട്ട വചനമായിരുന്നു. ഇതു നിത്യജീവന്റെ വചനം ആണ്. ഭോഷ്ക്കില്ലാത്ത ദൈവം ക്രിസ്തുവിൽക്കൂടി വെളിപ്പെടുത്തിയ സത്യവചനമാണ് (റോമർ 16:24,25). ആ വചനം പ്രസംഗിക്കുവാൻ കല്പന ലഭിച്ചവനാണെന്നുള്ള ബോധം പൗലൊസിനുണ്ടായിരുന്നു (ഗലാ. 2:8). അതു വിശ്വാസികൾ ഭക്തിയിൽ വർദ്ധിച്ചുവരുവാൻ സത്യത്തിന്റെ പരിജ്ഞാനം നൽകുന്ന വചനമാണ്. പ്രത്യാശ ഉളവാക്കുന്നതുമാണ്.

## സഭാകാര്യങ്ങൾ ക്രമപ്പെടുത്തുക (1:5–9)

ഇവിടെ സഭയിൽ യോഗ്യതയുള്ള മൂപ്പന്മാരെ ആക്കിവെയ്ക്കുവാൻ പൗലൊസു തീത്തൊസിനോട് ആജ്ഞാപിക്കുന്നു. ക്രേത്തയിലെ സഭ ശൈശവാവസ്ഥയിൽ കഴിഞ്ഞിരുന്നു. സഭയ്ക്ക് നേതൃത്വം നൽകുവാൻ ആരും

ഉണ്ടായിരുന്നില്ല. പൗലൊസും തീത്തൊസും ചില നാളുകൾ അവിടെ കഴിച്ചു എങ്കിലും തീത്തൊസിനെ ക്രേത്തയിൽ വിട്ടിട്ടു പോകുവാൻ പൗലൊസിന് ആവശ്യമുണ്ടായി. അവിടെ തീത്തൊസു ചെയ്യേണ്ട കാര്യങ്ങളാണ് ഈ ലേഖന ത്തിൽ ആജ്ഞാപിച്ചിട്ടുള്ളത് (1:5). 1 തിമൊഥെയൊസിനോടു സാമ്യമുള്ള ഒരു ലേഖനമാണ് ഇത്. മൂപ്പന്മാരുടെ യോഗ്യതകളെക്കുറിച്ച് 1 തിമൊഥെയൊസ് മൂന്നാം അദ്ധ്യായത്തിൽ നാം കാണുന്നു. സഭയ്ക്കു മൂപ്പന്മാരുടെ ആവശ്യം ഉണ്ട്. അപ്പൊസ്തലന്മാർ മൂപ്പന്മാരെ ആക്കിവെച്ചിരുന്നു (പ്രവൃ. 14:21-23). അപ്പൊസ്തലന്റെ പ്രതിനിധിയായ തീത്തൊസു മൂപ്പന്മാരെ ആക്കിവെക്കണം എന്ന് ആജ്ഞാപിച്ചിരിക്കുന്നു (1:5). വലിയ ഇടയനായ ക്രിസ്തുവിന്റെ സഭയ്ക്കു ചെറിയ ഇടയന്മാർ ഉണ്ടായിരിക്കണം (എബ്രാ. 13:20; പ്രവൃ. 20:28). അവർ വിശ്വാസികൾ ക്രിസ്തുവിനെയും അവന്റെ വചനത്തെയും അനുസരിക്കുവാൻ ഉപദേശിച്ചു പരിപാലിക്കുവാൻ കഴിവുള്ളവർ ആയിരിക്കണം. ദുരുപദേഷ്ടാക്കന്മാരുടെ വായ് അടയ്ക്കുവാൻ അവർ ആത്മീയ പരിജ്ഞാനവും പ്രാപ്തിയും ഉള്ളവരായിരിക്കണം.

സഭയിൽ മൂപ്പന്മാർ ഒന്നിലധികം ഉണ്ടായിരുന്നു (പ്രവൃ. 14:23; 20:17; എബ്രാ. 13:7; തീത്തൊ. 1:5). അത് അവർ സ്വേച്ഛാധിപതികളും അഹങ്കാരി കളും ആകാതിരിക്കുവാൻ ആവശ്യമാണ്. മൂപ്പന്മാരിൽ മുഖ്യസ്ഥാനമുണ്ടായിരുന്നതിനു വേദപുസ്തകത്തിൽ ഒരു തെളിവും ഇല്ല. അവർ യോജിച്ചു പ്രവർത്തിക്കേണ്ടവർ ആകുന്നു. സഭ എല്ലാ മൂപ്പന്മാർക്കും കീഴടങ്ങിയിരി ക്കേണ്ടതാണ് (എബ്രാ. 13:17). ഉപദേശിപ്പാൻ പ്രത്യേക വരമുള്ള മൂപ്പൻ വചന ശുശ്രൂഷയ്ക്കു പ്രാധാന്യം നൽകുന്നതോടൊപ്പം കൂട്ടു മൂപ്പന്മാരോടു സഹകരിച്ചു ശുശ്രൂഷിക്കുന്നവൻ ആയിരിക്കണം (1 തിമൊ. 5:17). ഇന്ന് അപ്പൊസ്തലന്മാർ ഇല്ലായ്കയാൽ മൂപ്പന്മാരെ ആക്കിവെയ്ക്കുന്ന സമ്പ്രദായം തുടരുന്നില്ല. പരിശുദ്ധാത്മാവാണ് മൂപ്പന്മാരെ സഭയ്ക്കു നൽകുന്നത്. അവരുടെ വ്യക്തിപരവും സാന്മാർഗ്ഗികവും ആത്മികവുമായ യോഗ്യതകൾ മനസ്സിലാക്കി അവരെ സഭയായി അംഗീകരിക്കയാണു വേണ്ടത്.

മൂപ്പന്റെ യോഗ്യതകൾ ഇവിടെ കാണുന്നു. പരസ്യമായി കുറ്റപ്പെടുത്തു വാൻ കാരണമില്ലാത്ത സാക്ഷ്യജീവിതം സഭയിലും പുറത്തും ഉള്ളവരായിരിക്കണം മൂപ്പന്മാർ. വിവാഹമോചനം നേടിയ ഭർത്താക്കന്മാർ മൂപ്പന്മാരാകുവാൻ യോഗ്യരല്ല. സ്വന്തകുടുംബത്തെ ക്രിസ്തുവിങ്കലേക്കു നയിക്കുവാൻ കഴിവുള്ളവരായിരിക്കണം മൂപ്പന്മാർ. ദൈവം ഭരമേല്പിച്ചിട്ടുള്ള കാര്യങ്ങളിൽ വിശ്വസ്തർ ആയിരിക്കണം. മുൻകോപിയാകരുത്. തന്നിഷ്ടം, മദ്യപാനം, വഴക്കുണ്ടാക്കുന്ന സ്വഭാവം, ദ്രവ്യാഗ്രഹം എന്നീ സ്വഭാവങ്ങൾ മൂപ്പനാകുവാൻ തടസ്സമാകുന്നു. അതിഥിസൽക്കാരം, നല്ല കാര്യങ്ങളിലുള്ള താല്പര്യം, സുബോധം, നീതി പ്രവർത്തിക്കുവാനുള്ള താല്പര്യം, വിശുദ്ധജീവിതം, ആത്മനിയന്ത്രണം, പത്ഥ്യോപദേശം പ്രബോധിപ്പിക്കാനുള്ള കഴിവ്, ദുരുപദേഷ്ടാക്കന്മാരെ നേരിടുവാനുള്ള വചന പരിജ്ഞാനം, ദൈവവചനത്തിലുള്ള ഉറച്ച വിശ്വാസം എന്നിവ മൂപ്പനുണ്ടായിരിക്കേണ്ട യോഗ്യതകൾ ആകുന്നു. മറ്റു സഭകളിൽനിന്നും മൂപ്പന്മാരെ നിയമിക്കുന്ന സമ്പ്രദായം വചനാനുസരണം അല്ല.

### ദുരുപദേഷ്ടാക്കന്മാരെ നേരിടേണ്ട വിധം (1:10-16)

സഭയിൽ യോഗ്യതയുള്ള മൂപ്പന്മാർ ഉണ്ടായിരിക്കണം. അവർ ദൈവവചനത്തിൽക്കൂടി വിശ്വാസികളെ പ്രബോധിപ്പിക്കുന്നവരും ദുരുപദേശം ഖണ്ഡിക്കുവാൻ കഴിവുള്ളവരും ആയിരിക്കണം. സഭയിൽ ദൈവം പ്രവർ ത്തിക്കുമ്പോൾ സാത്താനും പ്രവർത്തിക്കുവാൻ ആരംഭിക്കും. ദുരുപദേഷ്ടാക്കന്മാർ സഭയിൽ നുഴഞ്ഞുകയറും. ക്രേത്തയിൽ അങ്ങനെ സംഭവിച്ചതായി കാണുന്നു. അവർ യെഹൂദമതാചാരികൾ ആണ്. കൂടാതെ അവർ കെട്ടുകഥ കളിലും പാരമ്പര്യങ്ങളിലും പ്രശംസിക്കുന്നു. അവർ മൂപ്പന്മാർക്കും ദൈവവചനത്തിനും കീഴ്പ്പെടാൻ മടിക്കുന്നു. അവർ കർണ്ണരസമാകുമാറു പ്രസംഗിക്കുന്നവരും വിശ്വാസികളെ വ ോഞ്ചിക്കുന്നവരുമാണ്. അവർ ദുരുപദേഷ്ടാക്കളും കുടുംബങ്ങളെ വഴിതെറ്റിക്കുന്നവരും ആകുന്നു. അന്നു ഭവന ങ്ങളിലായിരുന്നു സഭ കൂടിവന്നിരുന്നത്. അവരുടെ പ്രസംഗവും പ്രവൃത്തിയും തമ്മിൽ യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. അവർ ക്രേത്തരുടെ സ്വഭാവം ഉള്ളവരാണ്. അസത്യവാദികളും, ക്രൂരന്മാരും, പെരുവയറന്മാരും, താല്ക്കാലിക ഭോഗങ്ങൾക്ക് അടിമകളും ആയിരുന്നു. അവരുടെ ലക്ഷ്യം ദ്രവ്യാഗ്രഹം ആയിരുന്നു. അവർ ഭക്ഷണകാര്യങ്ങളിൽ ന്യൂനവശങ്ങൾ കണ്ടുപിടിച്ചു വേർപ്പെടുവാൻ നിർബന്ധിക്കുന്നവരാണ്. അവർ മനസ്സാക്ഷി മലിനപ്പെട്ടവരും അറെക്കപ്പെട്ടവരും യാതൊരു നല്ല കാര്യത്തിനും കൊള്ളാവുന്നവരും അല്ല.

ഇങ്ങനെയുള്ള ദുരുപദേഷ്ടാക്കന്മാരെ എങ്ങനെ നേരിടണം എന്ന് അപ്പൊസ്തലൻ തീത്തൊസിന് ആജ്ഞ നൽകുന്നു. അവരോടു വചനത്തിൽ നിന്നു ബുദ്ധി ഉപദേശം നൽകണം (1:11). അനുസരിക്കാത്തപക്ഷം കഠിനമായി ശാസിക്കണം (1:13,14). അതുകൊണ്ടും പ്രയോജനമില്ലെങ്കിൽ അവരെ സഭയുടെ ശിക്ഷണനടപടിക്കു വിധേയരാക്കി അവരോടു വേർപ്പെടണം (1 തിമൊ. 5:20; 2 തിമൊ. 2:16,21,23). ദുരുപദേശം സഭയെ മലിനമാക്കുന്ന പുളിപ്പാണ്. അതു മുളയിലെ നുള്ളിക്കളയണം. മൂപ്പന്മാർ വചനശുശ്രൂഷയിൽ ക്കൂടി സഭയ്ക്ക് ആത്മിക വർദ്ധനവു വരുത്തുന്നവരും സഭയെ പരിപാലിക്കുന്നവരും ആയിരിക്കണം (2 കൊരി. 13:10).

## അദ്ധ്യായം 2

### സഭയിലെ കാര്യങ്ങൾക്കുള്ള ക്രമം (2:1-10)

ഈ അദ്ധ്യായത്തിൽ വിശ്വാസികൾ സഭയ്ക്കുള്ളിൽ ഇടപെടേണ്ടതി നുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അപ്പൊസ്തലൻ നൽകിയിരിക്കുന്നു. ഇതു തീത്തൊസ് ഉപദേശിക്കേണ്ടിയിരുന്ന സദുപദേശങ്ങൾ ആകുന്നു. ദൈവസഭയിൽ

വിവിധ തരത്തിലുള്ള വ്യക്തികൾ ഉണ്ടായിരിക്കും. പ്രായമുള്ളവരും യുവാക്കളും സ്ത്രീകളും പുരുഷന്മാരും അതിൽ ഉൾപ്പെടും. മൂപ്പന്മാർ പ്രായവ്യത്യാസം കൂടാതെ വിശ്വാസികളോട് ഏർപ്പെടുവാൻ കഴിവുള്ളവരായിരിക്കണം. തീത്തൊസ് ദുരുപദേഷ്ടാക്കന്മാരെ അനുകരിക്കാതെ അവന്റെ വിശ്വാസവും ജീവിതവും പൊരുത്തപ്പെടുന്നതാകണം എന്ന് അപ്പൊസ്തലൻ ആഗ്ര ഹിക്കുന്നു.

സഭയിൽ പ്രായമുള്ളവർ നിർമ്മദരും ഗൗരവമുള്ളവരും സുബോധമുള്ളവരും ആയിരിക്കണം. കൂടാതെ അവർ വിശ്വാസത്തിലും സ്നേഹത്തിലും സഹിഷ്ണുതയിലും വർദ്ധിച്ചുവരുന്നവരും ആകണം. ഇവിടെ നിർമ്മദർ കൊണ്ടുള്ള അർത്ഥം ആത്മനിയന്ത്രണമുള്ളവർ എന്നാണ്. കൂടാതെ അവരുടെ ഇടപാടുകൾ മറ്റുള്ളവർ ബഹുമാനിക്കത്തക്കതായിരിക്കണം. അവർ വചനത്തിൽ ഉറച്ചുനിൽക്കുന്നവർ ആയിരിക്കണം. സ്നേഹത്തിൽ വർദ്ധിച്ചുവരുന്നവർ മറ്റുള്ളവരുടെ ന്യൂനവശങ്ങൾ കണ്ടുപിടിച്ചു വിമർശിക്കുന്നവർ ആകയില്ല. അവർ പരീക്ഷകളിൽ തളർന്നുപോകാതെ കർത്താവിനെ സേവിക്കുന്നവർ ആകണം. തീത്തൊസു പ്രായമുള്ളവരെ അറിയിക്കേണ്ട ഉപദേശം ഇതായിരുന്നു.

പ്രായമുള്ള സ്ത്രീകൾ ജീവിതത്തിൽ പവിത്രരും ഏഷണി പറയാത്തവരും വീഞ്ഞിന് അടിമപ്പെടാത്തവരും ആകണം. പവിത്രൻകൊണ്ടുള്ള ആശയം ദൈവത്തെ ബഹുമാനിക്കുന്ന ജീവിതം നയിക്കുന്നവൻ എന്നാണ്. വൃദ്ധന്മാർക്കുള്ള യോഗ്യതകളും അവർക്കുണ്ടായിരിക്കണം. ദൈവമക്കൾ അന്യരെക്കുറിച്ചു ദൂഷണം പറയരുത്. മറ്റുള്ളവരിലുള്ള നന്മവശം കണ്ട് അവരെ ബഹുമാനിക്കുവാനും സ്നേഹിക്കുവാനും കഴിയണം. മദ്യപാനം ദൈവവചനം അനുവദിക്കുന്നില്ല. അവർ പ്രായം കുറഞ്ഞ സ്ത്രീകളെ പ്രബോധിപ്പിക്കുന്നവർ ആകണം. ജീവിതത്തിലും ഉപദേശത്തിലും മാതൃകയുള്ളവരായി പഠിപ്പിക്കണം. അവരെ ഭാര്യമാരുടെ കടമ, മാതൃസ്നേഹം, ചാരിത്ര്യ ശുദ്ധി, ഭവനത്തോടുള്ള ഉത്തരവാദിത്വം, ഭർത്താക്കന്മാരെ സ്നേഹത്തിൽ അനുസരിക്കുക എന്നീ സദുപദേശങ്ങൾ വ്യക്തിപരമായി അഭ്യസിപ്പിക്കണം. ഇത് പരസ്യശുശ്രൂഷയല്ല പ്രത്യുത ഭവനങ്ങളിലും വ്യക്തികളിലും നടത്തേണ്ട അഭ്യസനം ആകുന്നു.

യുവസഹോദരന്മാർക്കുള്ള ഉത്തരവാദിത്വങ്ങളും ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. യുവാക്കൾ വിവാഹിതർ ആകണമെന്നില്ല അവരെ ഉപദേശിക്കുവാൻ. യുവാക്കന്മാർ ആത്മനിയന്ത്രണമുള്ളവർ ആകണം. ജഡിക മോഹങ്ങൾക്ക് അടിമകളാകാതെ മാതൃകയുള്ള ക്രിസ്തീയ ജീവിതം നയിക്കുവാൻ അവരെ ഉപദേശിക്കണം എന്ന് ആജ്ഞാപിച്ചിരിക്കുന്നു. വിജയകരമായ ജീവിതം ആത്മനിയന്ത്രണം ഉള്ളവർക്കു മാത്രമേ കൈവരിക്കുവാൻ സാധിക്കുകയുള്ളൂ (സദൃ. 16:32).

തീത്തൊസു ശ്രദ്ധിക്കേണ്ട കാര്യങ്ങൾ 7 ഉം 8 ഉം വാക്യങ്ങളിൽ അപ്പൊസ്തലൻ ആജ്ഞാപിച്ചിരിക്കുന്നു. കർത്തൃദാസന്മാരുടെ ജീവിതം മാതൃക യുള്ളതായിരിക്കണം. അവർക്കു മാത്രമേ ഫലകരമായി പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ. തന്റെ ഉത്തരവാദിത്വങ്ങളെക്കുറിച്ചു ബോധം ഉണ്ടായിരി ക്കണം. ഉപദേശത്തിലും ജീവിതത്തിലും വിശ്വസ്തത പുലർത്തണം. കൂടാതെ ഉപദേശത്തിൽ നിർമ്മലതയും ഉള്ളവരാകണം. അപവാദി ആക്ഷേപിച്ചു കൂടാത്ത മാതൃകയുള്ള ജീവിതം നയിക്കുന്നവനും ആകണം.

ആദിമസഭയിൽ അനേകം അടിമകൾ ഉണ്ടായിരുന്നു. അവർക്കുള്ള ഉപദേശമാണ് 9 ഉം 10 ഉം വാക്യങ്ങളിൽ കാണുന്നത്. അവർ യജമാനന്മാരെ അനുസരിക്കണം. അവരോട് എതിരുപറയുന്നവരാകരുത്. കൂടാതെ അവരെ വഞ്ചിക്കരുത്. ഇവിടെയുള്ള ആശയം അവരുടെ വസ്തുവകകൾ മോഷ്ടിക്കരുത് എന്നാണ്. അവർ വിശ്വസ്ത സേവനം ചെയ്യുന്നവർ ആകണം. അപ്പോൾ അവർ രക്ഷിക്കപ്പെട്ടവർ എന്നു സാക്ഷ്യമുള്ളവർ ആകയും യജമാനന്മാർ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യും. സഭയിൽ ഈ കാര്യങ്ങൾ ഉപദേശിക്കുവാൻ അപ്പൊസ്തലൻ തീത്തൊസിനോട് ആജ്ഞാപിക്കുന്നു.

### കൃപയാലുള്ള രക്ഷ (2:11-15)

പാപികൾ രക്ഷിക്കപ്പെടുന്നതു കൃപയാലാകുന്നു. രക്ഷ ദൈവത്തിന്റെ ദാനമാണ്. രക്ഷിക്കപ്പെടുന്നതു പാപം ചെയ്യുവാനുള്ള ലൈസൻസ് അല്ല. പ്രത്യുത നാം സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളവരാകുവാനാണ്. കർത്തൃദാസന്മാർ സൽപ്രവൃത്തികളിൽ മുൻപരാകയും വിശ്വാസികൾക്കു മാതൃക കാട്ടുകയും ചെയ്യണം. ദുരുപദേഷ്ടാക്കന്മാർ ഉപദേശിക്കുന്നവരാണെ ങ്കിലും സൽപ്രവൃത്തികൾ ചെയ്യുന്നവരായിരുന്നില്ല. ക്രിസ്തുവിൽ ദൈവകൃപ പ്രത്യക്ഷമായി (2 കൊരി. 8:9). കൃപയാൽ നാം രക്ഷിക്കപ്പെടുകയും കർത്താവിനെ സേവിക്കുന്നവരും ആകുന്നു (എഫെ. 2:8-10; റോമർ 12:6). അതിന് അടിസ്ഥാനം ക്രിസ്തുവിന്റെ മരണപുനരുത്ഥാനം ആണ്. അവൻ നമ്മെ സ്നേഹിച്ചു സ്വന്ത ജീവനെ നമ്മുടെ പാപങ്ങൾക്കു മറുവിലയായി നൽകി. ഇപ്പോൾ ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു പാപത്തിന്റെ ശിക്ഷയിൽനിന്നുള്ള മോചനം ലഭിക്കുന്നു. കൂടാതെ നാം നിത്യജീവന്റെ അവകാശികൾ ആകുന്നു. രക്ഷിക്കപ്പെട്ടവർ ദൈവമക്കളും ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും ആകുന്നു (റോമർ 8:16,17).

ദൈവകൃപ നമുക്ക് ഉദിച്ചതു യേശുക്രിസ്തുവിലാണ് (യോഹ. 1:17). അതു ലോകസ്ഥാപനത്തിനു മുൻപെ നമ്മെക്കുറിച്ചുള്ള ദൈവഹിതത്തിന്റെ ആലോചനപ്രകാരമാണ് ഉദിച്ചത് (എഫെ. 1:4-11). ആ കൃപയ്ക്കു മാത്രമേ നമ്മെ രക്ഷിക്കുവാൻ കഴിയുമായിരുന്നുള്ളൂ (എഫെ. 2:1-5). കൃപയാൽ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടവർ ഭാഗ്യകരമായ പ്രത്യാശ ഉള്ളവർ ആകുന്നു. അതു മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയാണ്. ആ പ്രത്യാശ നമുക്കു ഭക്തിയുള്ള ജീവിതം നയിക്കുവാൻ പ്രേരണ നൽകുന്നതാണ്. ക്രിസ്തു

വിന്റെ ദൈവത്വത്തെ വ്യക്തമാക്കുന്ന വേദഭാഗമാകുന്നു ഇത്. പൗലൊസ് ഈ പ്രത്യാശയാൽ നിറഞ്ഞിരുന്നു. കർത്താവിന്റെ വരവിങ്കൽ ശരീരത്തിന്റെ വീണ്ടെടുപ്പു സംഭവിക്കും (റോമർ 8:18,23). ഈ മർത്ത്യമായ ശരീരം അമർത്ത്യതയെ ധരിക്കും (1 കൊരി. 15:54). നാം കർത്താവിനോടു സദൃശന്മാർ ആകും (1 യോഹ. 3:1,2). നാം സ്വർഗ്ഗീയ പൗരത്വം പ്രാപിച്ച് ക്രിസ്തുവിനോടു കൂടെ എന്നേക്കും ആയിരിക്കും (ഫിലി. 3:20,21; 1 തെസ്സ. 4:13-18). നമുക്കു പ്രതിഫലം ലഭിക്കുന്നത് അന്നായിരിക്കും (2 തിമൊ. 4:6-8). ഈ അറിവു നമുക്കു കർത്താവിനോടു ഭക്തിയുള്ള ജീവിതം നയിക്കുവാൻ പ്രേരണ നൽകണം.

ഈ ഭാഗ്യകരമായ പ്രത്യാശ ദൈവത്തിനു ബഹുമാനം നൽകാത്ത കാര്യങ്ങളെ ഉപേക്ഷിക്കുവാൻ നമ്മെ പ്രേരിപ്പിക്കണം. പ്രപഞ്ചമോഹങ്ങളിൽനിന്നും നമ്മെ സ്വതന്ത്രരാക്കണം. അത് ഈ ലോകത്തോടു ബന്ധപ്പെട്ട താൽക്കാലിക താല്പര്യങ്ങൾ ആണ്. രക്ഷിക്കപ്പെടുന്നതിനു മുൻപ് നാം ലോകത്തോടു ബന്ധപ്പെട്ടു നാനാമോഹങ്ങൾക്കും ഭോഗങ്ങൾക്കും അടിമകൾ ആയിരുന്നു (3:3). ദൈവകൃപയാലും ശക്തിയാലും മാത്രമേ ഇതിൽനിന്നും സ്വതന്ത്രരാകുവാൻ നമുക്കു കഴികയുള്ളൂ. ക്രിസ്തുവിൽ വിശ്വസിച്ചു പുതിയ സൃഷ്ടികളായി തീർന്നവർ വ്യത്യസ്ത ജീവിതശൈലി ഉള്ളവർ ആകും (2 കൊരി. 5:17). അതു സ്വന്തജീവിതത്തിലും, മറ്റുള്ളവരോടും, ദൈവത്തോടുമുള്ള പെരുമാറ്റത്തിൽ പ്രകടമാക്കണം. ആത്മിക ജീവിതം ഇന്നു നയിക്കുവാൻ ഉള്ളതാണ്. നാം സുബോധം അഥവാ ആത്മനിയന്ത്രണം ഉള്ളവരാകണം. നീതി പ്രവർത്തിക്കുവാൻ ഉത്സാഹിക്കണം. മറ്റുള്ളവരോടു മാന്യമായും സത്യസന്ധ മായും ഏർപ്പെടണം എന്നു സാരം. നാം ദൈവത്തോടു ഭക്തിയുള്ള ജീവിതം നയിക്കണം. ദൈവത്തെ ഭയപ്പെട്ടും ബഹുമാനിച്ചും ജീവിക്കണം. അതിനു ശിക്ഷണബോധം നൽകുന്നതു ദൈവകൃപയാണ്. കർത്താവിന്റെ പ്രത്യക്ഷതയിൽ പ്രത്യാശയുള്ളവർക്കു മാത്രമേ ഭക്തിയുള്ള ജീവിതം നയിക്കുവാൻ കഴികയുള്ളൂ. അതു നൽകുന്നതു ദൈവമാണ് (റോമർ 15:13). ദൈവവചനം നമ്മെ പ്രത്യാശ ഉള്ളവരാക്കുന്നു (റോമർ 15:4). കർത്താവു നമ്മെ രക്ഷിച്ചത് ആ പ്രത്യാശ ഉള്ളവരാകുവാനാണ് (3:6). ഇതു നിലനിൽക്കുന്ന പ്രത്യാശയാണ് (1 തെസ്സ. 1:3). അതു പ്രാഗത്ഭ്യവും ധൈര്യവും നൽകുന്നു (2 കൊരി. 3:12). ഇതു നമ്മെ നിർമ്മലീകരിക്കുന്ന പ്രത്യാശയാണ് (1 യോഹ. 3:3). ഈ പ്രത്യാശയെ ഭാഗ്യകരമായ പ്രത്യാശയെന്ന് അപ്പൊസ്തലൻ വിശേഷിപ്പിച്ചിരിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. നാം ഈ പ്രത്യാശയുള്ള ജീവിതം ഇന്നു നയിക്കുന്നവരാണോ എന്നു സ്വയം പരിശോധിക്കാം.

നാം കൃപയുടെ അനുഭവമുള്ളവരാകുവാൻ കർത്താവു ക്രൂശിൽ കഷ്ടം സഹിച്ചു മരിച്ചു. അവന്റെ രക്തം നമ്മുടെ വീണ്ടെടുപ്പുവിലയാകുന്നു. ക്രിസ്തു മനുഷ്യനായി അവതരിച്ചതിന്റെ ഉദ്ദേശം അതായിരുന്നു (ഫിലി. 2:5-8; മത്താ. 20:28). ക്രിസ്തു തന്നെത്താൻ നമുക്കുവേണ്ടി മരണത്തിന് ഏല്പിച്ചുകൊടുത്തു. നമ്മെ അധർമ്മത്തിൽനിന്നും വീണ്ടെടുത്തു സൽ പ്രവൃത്തികൾക്കു പ്രാപ്തരാക്കി (എഫെ. 2:8-10). തന്റെ ആത്മാവിനെ നമ്മുടെ ഹൃദയത്തിൽ നൽകി ദൈവത്തിനു പ്രയോജനമുള്ള വിശുദ്ധജനമാക്കി നമ്മെ തീർത്തു.

ഈ സത്യങ്ങൾ തീത്തൊസു ദൈവജനത്തെ പൂർണ്ണഗൗരവത്തോടെ ഉപദേശിക്കയും പ്രബോധിപ്പിക്കയും ചെയ്യണം എന്ന് ഉദ്ബോധിപ്പിക്കുന്നു. കൂടാതെ ദുരുപദേശത്തിന് അടിമപ്പെട്ട് ദൈവകൃപയെ നിസ്സാരമാക്കുന്നവരെ ക്രിസ്തുവിന്റെ അധികാരത്തിൽ ശാസിക്കണം എന്നും ആജ്ഞാപിച്ചിരിക്കുന്നു (മത്താ. 7:29).

## അദ്ധ്യായം 3

### അധികാരികളെ അനുസരിക്കണം (3:1-11)

ക്രിസ്ത്യാനികളെ റോമാസാമ്രാജ്യത്തിൽ സംശയദൃഷ്ടിയോടെ വീക്ഷിച്ചുവന്നിരുന്നു. അധികാരികളെ ദൈവം നിയമിച്ചിരിക്കുന്നു എന്നു മനസ്സിലാക്കി അവരെ അനുസരിക്കണം (റോമർ 13:1,2). സമൂഹത്തിൽ സൽ പ്രവൃത്തികൾ ചെയ്യുവാൻ ഉത്സാഹം ഉള്ളവരാകണം. അവർക്കു മാത്രമേ ഉത്തമപൗരന്മാരായി സാക്ഷ്യമുള്ള ജീവിതം നയിക്കുവാൻ കഴികയുള്ളൂ. അതുകൊണ്ടു ദൈവവചനവും സാന്മാർഗ്ഗിക പ്രമാണങ്ങളും ത്യജിക്കണം എന്ന് അർത്ഥം വരുന്നില്ല (പ്രവൃ. 5:29). അധികാരികളെ നിർബ്ബന്ധത്താലല്ല പ്രത്യുത മനസ്സോടെ അനുസരിക്കുന്നവർ ആകണം. മറ്റുള്ളവരെ ആക്ഷേപിച്ചു ദൂഷണം പറയരുത്. ദൈവമക്കൾ കലഹിക്കുന്നവരാകാതെ ഹൃദയ ത്തിൽ ശാന്തരായിരിക്കണം. അവർ മറ്റുള്ളവരുടെ ഉപദ്രവം സഹിക്കുവാൻ മനസ്സുള്ളവരും, സ്വന്ത താല്പര്യങ്ങൾ ഉപേക്ഷിച്ച് അവരെ സഹായിക്കുന്നവരും ആകണം. ക്രേത്തയിലുള്ള വിശ്വാസികൾ ഒരിക്കൽ ഇതൊക്കെ ഉള്ളവരായിരുന്നു.

അവർ അന്നു ബുദ്ധിഹീനർ ആയിരുന്നു. ദൈവവചനം ഭോഷത്വമായി അവർ കരുതിയിരുന്നു (1 കൊരി. 2:14). ദൈവത്തെയും മനുഷ്യരെയും അനു സരിക്കാതെ സ്വന്ത ഇഷ്ടപ്രകാരം ജീവിച്ചിരുന്നു. എല്ലാ ഭോഗങ്ങൾക്കും അധീന രായിരുന്നു. അസൂയപ്പെടുന്നവരും മറ്റുള്ളവരെ പകയ്ക്കുന്നവരും ആയിരുന്നു. മറ്റുള്ളവരാൽ പകയ്ക്കപ്പെടുന്നവരും ആയിരുന്നു. അവർ സൽപ്രവൃത്തികൾ ചെയ്യുവാൻ കഴിവുള്ളവരായിരുന്നില്ല. എങ്കിലും അവരെ രക്ഷിക്കുവാൻ ദൈവം പ്രസാദിച്ചു. അതാണ് ദൈവകൃപ. ബൈബിൾ രക്ഷിതാവിനെ വെളിപ്പെടുത്തുന്ന പുസ്തകമാണ് (2:11; 3:4). പ്രവാചകന്മാർ അവനെക്കുറിച്ച് അരുളിച്ചെയ്തിരുന്നു (യെശ. 9:2,6). അവന്റെ മരണം പാപപരിഹാരത്തിനുള്ളതായിരുന്നു (എബ്രാ. 9:26). രക്ഷ യേശുക്രിസ്തുവിൽ കൂടി മാത്രമാകുന്നു (യോഹ. 10:11; പ്രവൃ. 4:12) ലഭിക്കുന്നത്.

സ്വന്ത നീതിപ്രവൃത്തികളാൽ ആർക്കും രക്ഷിക്കപ്പെടാൻ കഴിയുന്നതല്ല (റോമർ 3:20; യെശ. 64:6; ഗലാ. 2:16). നാം കരുണയാൽ രക്ഷിക്കപ്പെട്ടവരാണ്. നിസ്സഹായരായ പാപികളോടുള്ള ദൈവത്തിന്റെ ദയയും മഹാമനസ്കത യുമാണ് കരുണ. അങ്ങനെ നാം ദൈവത്തിന്റെ കൃപയാലും കരുണയാലും രക്ഷിക്കപ്പെടുന്നു. ഈ അനുഭവത്തെ വീണ്ടും ജനനം എന്നു പറയുന്നു (യോഹ. 1:13; 3:3; കൊലൊ. 2:13). പാപി ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ പരി ശുദ്ധാത്മാവു ദൈവവചനത്തിൽ കൂടി ചെയ്യുന്ന അത്ഭുതമാർന്ന ആത്മിക പ്രക്രിയയാണ് വീണ്ടും ജനനം. അപ്പോൾ നാം ക്രിസ്തുവിൽ പുതിയ സൃഷ്ടികൾ ആകുന്നു (2 കൊരി. 5:17). വിശുദ്ധജീവിതം നയിക്കുവാൻ പ്രാപ്തരാ കുന്നു. വീണ്ടും ജനനം ഇപ്പോൾ സംഭവിക്കുന്ന ആത്മിക അനുഭവം ആണ്. ഇതു കഷ്ടിച്ചു നരകത്തിൽ പോകാതെ സ്വർഗ്ഗത്തിൽ പോകാനുള്ള പാസ്പോർട്ടല്ല. പ്രത്യുത ധാരാളമായ ആത്മിക നവീകരണം പരിശുദ്ധാ ത്മാവു നമ്മിൽ ഉളവാക്കുന്ന അനുഭവമാണ് (റോമർ 12:2; കൊലൊ. 3:10). ഈ അനുഭവക്കാരാ കുവാൻ പരിശു ദ്ധാത്മാവിന്റെ നിറവ് ആവശ്യമാകുന്നു. അതിനു നമ്മെ പരിശുദ്ധാത്മനിയന്ത്രണത്തിനു സമർപ്പിക്കേണ്ടതുണ്ട്. രക്ഷിക്കപ്പെട്ടവർ പാപത്തിന്റെ സ്വാധീനശക്തിയിൽനിന്നും മോചിതരായി സൽ പ്രവൃത്തികളിൽ ഉത്സാഹമുള്ള വർ ആകും. അങ്ങനെ ക്രിസ്തുവിനോട് ഇന്ന് അനുരൂപരായി ക്കൊണ്ടിരിക്കുന്ന അനുഭവമാണ് ശുദ്ധീകരണം.

ദൈവമക്കൾ കൃപയാൽ വിശ്വാസം മൂലം നീതീകരിക്കപ്പെട്ടവരാണ് (റോമർ 5:1; 3:24). അവർ പാപത്തിന്റെ ശിക്ഷയിൽനിന്നും (റോമർ 8:33) ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നും മോചിതരാകുന്നു (ഗലാ. 3:11-13). അവർ പാപക്ഷമ പ്രാപിച്ചവരാണ് (റോമർ 4:6-8). അവർക്ക് ഇപ്പോൾ ദൈവത്തോടു സമാധാനം ഉണ്ട് (റോമർ 5:1). ‘നീതീകരിക്കപ്പെട്ടവരുടെ പാപങ്ങളെ ദൈവം ക്രിസ്തുവിലും, ക്രിസ്തുവിന്റെ നീതി അവരിലും കാണുന്നു’ എന്ന് ഒരു ഭക്തൻ പറഞ്ഞിരിക്കുന്നു. നാം നീതീകരിക്കപ്പെട്ടിരിക്കുന്നതു വിശുദ്ധജീവിതം നയിക്കുവാനാണ് (റോമർ 6:2).

ഈ വചനം വിശ്വാസയോഗ്യമായതും ദൈവജനത്തെ ഓർമ്മപ്പെടുത്തുകയും ഉറപ്പിച്ചു പ്രസ്താവിക്കയും ചെയ്യേണ്ടതുമാണെന്നു തീത്തൊസിനെ അപ്പൊസ്തലൻ ഓർമ്മിപ്പിക്കുന്നു (3:2,8). ഇതു വിശ്വാസികളെ സൽപ്രവൃത്തികൾക്ക് ഉത്സാഹമുള്ളവർ ആക്കണം (2:14). കർത്താവ് അതിനു നമ്മെ സഹായിക്കട്ടെ.

### ദുരുപദേഷ്ടാക്കന്മാരെ ഒഴിവാക്കുക (3:9-11)

സഭയിൽ ക്രമക്കേടുകൾ ഉണ്ടാകാതിരിക്കുവാൻ മൂപ്പന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ദൈവവചനം അനുസരിക്കാതെ മാനുഷിക അഭിപ്രായങ്ങൾക്കു വിധേയപ്പെടുന്ന സഭകളിൽ ക്രമക്കേടുകൾ ഉണ്ടാകും. കൂടാതെ ആത്മിക അഹങ്കാരം, അശുദ്ധി, ദർശനമില്ലായ്മ തുടങ്ങിയ കാര്യങ്ങളും സഭയിൽ ആത്മിക തളർച്ച ഉളവാക്കും. ക്രേത്താസഭയിൽ ചിലർ പ്രയോജനശൂന്യമായ തർക്കങ്ങളും വാദങ്ങളും ചെയ്യുന്നവരായിരുന്നു. ന്യായപ്രമാണ ത്തെക്കുറിച്ചുള്ള വാദവും പൂർവ്വിക പാരമ്പര്യവും ആർക്കും ആത്മിക വർദ്ധ നവ് ഉളവാക്കുകയില്ല. ഇങ്ങനെ യുള്ള മാനുഷിക ഉപദേശങ്ങൾ താല്ക്കാലികവും നശിച്ചുപോകുന്നതുമാണ് (കൊലൊ. 2:18-23). അത് ഉപദേശി ക്കുന്നവർ ദുരുപദേഷ്ടാക്കളും സഭയിൽ ഭിന്നത സൃഷ്ടിക്കുന്നവരുമാണ്. അവരെ വിവേചിച്ചു മനസ്സിലാക്കി ബുദ്ധി ഉപദേശം നൽകണം. അവർ അനുതപി ക്കാതെ സ്വന്ത പ്രവൃത്തിയെ നീതീകരിച്ചുകൊണ്ടു സഭയിൽ ഭിന്നത ഉള വാക്കുന്ന പക്ഷം ഒന്നുരണ്ടു പ്രാവശ്യം ബുദ്ധി പറഞ്ഞശേഷം ഒഴിവാക്കണം. അവനോടു ബുദ്ധി ഉപദേശിക്കേ ണ്ടതു സ്നേഹത്തിലും സഹിഷ്ണുതയിലും ആയിരിക്കണം. അനുതപിക്കുന്നവനെ കൂട്ടായ്മയിലേക്കു സ്വീകരി ക്കുവാൻ മനസ്സുണ്ടായിരിക്കണം (മത്താ. 18:10-14). അനുതപിച്ചു മടങ്ങിവരുന്ന വിശ്വാസി പിന്നെയും ഭിന്നത സൃഷ്ടി ക്കുവാൻ ശ്രമിക്കുന്ന പക്ഷം അവൻ വക്രബുദ്ധിയായി പാപം ചെയ്തു തന്നെത്താൻ കുറ്റം വിധിച്ചിരിക്കുന്നു. അവനെ കൂട്ടായ്മയിലേക്കു സ്വീകരിക്കരുത് (3:10,11).

### ഉപസംഹാരം (3:12-15)

പൗലൊസു സഹപ്രവർത്തകർക്കും വിശ്വാസികൾക്കും പ്രാധാന്യം നൽകിയിരുന്നു. അവർക്കുവേണ്ടി പ്രാർത്ഥി ക്കുവാനും അവരെ പ്രോത്സാഹിപ്പിക്കുവാനും അവരോടു കൂട്ടായ്മ ആചരിക്കുവാനും താൻ ആഗ്രഹിച്ചിരുന്നു. ദൈവമക്കൾ സഫലന്മാരാകണം എന്ന് അപ്പൊസ്തലൻ ചൂണ്ടിക്കാണിക്കുന്നു (3:14). അവർക്ക് അങ്ങനെ മറ്റുള്ള വരെ സഹായിക്കുവാൻ കഴിവു ലഭിക്കും. ‘എന്നോടു ചേരുവാൻ ശ്രമിക്ക; സേനാസിനും അപ്പൊല്ലോസിനും മുട്ടു തീർ ക്കുക; സ്നേഹിക്കുന്നവരെ വന്ദനം ചൊല്ലുക’ എന്നീ മൂന്നു വ്യക്തിപരമായ അപേക്ഷകളും ഇവിടെ കാണു ന്നു. സേനാസും അപ്പൊല്ലോസുമാണ് ഈ ലേഖനം തീത്തൊസിനു കൊണ്ടുപോയത് എന്ന് അഭിപ്രായപ്പെടുന്നു. പൗലൊസു തീത്തൊസിനോടുള്ള കൂട്ടായ്മ ആഗ്രഹിച്ചു. താൻ ശീതകാലം നിക്കൊപ്പൊലിസിൽ കഴിക്കുവാൻ നിശ്ചയിച്ചിരുന്നു. തിഹിക്കൊസിനെയോ അർത്തെമാസിനെയോ ക്രേത്തയിലേക്ക് അയക്കുവാൻ ആഗ്രഹിച്ചു. അപ്പോൾ തീത്തൊസിനു വരുവാൻ കഴിയും എന്നു പൗലൊസു കരുതി. കർത്തൃവേലയോടുള്ള തന്റെ താല്പര്യം ഇവിടെ വ്യക്തമാകുന്നു. വിശ്വാസത്തിൽ നിലനിൽക്കുന്നവർ അന്യോന്യം സ്നേഹിക്കുന്നവരും വന്ദനം അറിയി ക്കുന്നവരും ആകണം. പൗലൊസ് അതിന്റെ മാതൃക നൽകുന്നു. സഭ യിലെ പ്രശ്നങ്ങൾ ക്രമപ്പെടുത്തുവാൻ നിയോഗിതനായിരുന്ന തീത്തൊസിനു കൃപ ആശംസിച്ചുകൊണ്ടു ലേഖനം അപ്പൊസ്തലൻ ഉപസംഹരിക്കുന്നു. ആമേൻ.

***